

# മഴവില്ല്

**ST JOSEPH'S H S**
**CHATHEDOM**

# എഡിറ്റോറിയൽ ബോർഡ്

ആൽഫ്രഡ് സുനിൽ

ആൽവിൻ ടൈസൺ

ആകാശ് ഓ ടി

ആരോൺ

ജോസഫ് കെ ബി

ചീഫ് എഡിറ്റർ :ആഷ്ന ഓ ടി



പ്രിയ കുട്ടികളെ

വിജ്ഞാനത്തിന്റെ നിറകുടമാണോല്ലോ വിദ്യാലയം അതിലെ ജാലകണികൾ ആണ് വിദ്യാർത്ഥികൾ .വിദ്ധ്യാർത്ഥികളുടെ അറിവ് വർധിപ്പിക്കാനുള്ള  കൈറ്റ്സ് അംഗങ്ങളുടെ പരിശ്രമത്തെ ഞാൻ പ്രശംസിക്കുന്നു,

വിദ്യാർത്ഥികളിൽ അന്തർലീനമായ സർഗ വാസനകളെ പുറത്തെടുക്കാനും പരിപോഷിപ്പിക്കാനും ഈഡിജിറ്റൽമഗസീനിനു  കഴിയട്ടെയെന്നു പ്രാത്ഥിക്കുന്നതിനോടപ്പം സാങ്കേതിക വിദ്യകളെ ആവാഹിക്കാൻ പരിശ്രമിച്ച നിങ്ങകൾക്കു ഒരോർത്തർക്കും  അഭിനന്ദങ്ങൾ!!



സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്,

സൂസൻ പോൾ

'അമ്മ

സ്നേഹത്തിൽ നിറകുടമമ്മ
വാൽസലം കോരിച്ചൊരിയും
നേരിൻ വഴി കാട്ടിത്തരും
നേരായി ചൊല്ലാൻ വാക്കുകൾ
പോരാ
നൻമ്മയിൽ എനിക്കോപ്പോം
കൂട്ടുനിൽക്കും
തിന്മയിൽ നിന്നും എന്നെ മാറ്റി
നിറുത്തും
എന്നുടെ ദേവിയും ആണ് 'അമ്മ
എന്റെ സ്വന്തം  എൻെറ എല്ലാം
'അമ്മ  താനെ

# അപ്പൂപ്പനും അമ്മുമ്മയും മാങ്ങയും

ഒരിടത്തു അപ്പൂപ്പനും അമ്മുമ്മയും ഉണ്ടായിരുന്നു.അവരുടെ വീടിന്റെ മുമ്പിൽ ഒരു മാവും ഉണ്ടായിരുന്നു .ആ മാവിൽനിറയെ നല്ല മധുരം ഉള്ള മാങ്ങകൾ ഉണ്ടായി. മാവിൽ നിറയെ മാങ്ങകൾ പഴുത്തു കിടക്കുന്നതു കാണാൻ നല്ല ഭംഗി ആയ്യിരുന്നു .

അങ്ങനെയിരിക്കെ അമ്മുമ്മ അപ്പൂപ്പനോട് പറഞ്ഞു. എന്ത് ഭംഗിയാണ് മാവിൽ മാമ്പഴങ്ങൾ കാണാൻ . നമ്മുക്ക് ഇത് ആർക്കും കൊടുക്കേണ്ട . അടുത്ത വീട്ടിലെ കുട്ടികൾ വരുമ്പോൾ നമുക്ക് അവരെ ഓടിക്കാം. അത് കേട്ടപ്പോൾ  അപ്പൂപ്പനും സമ്മതിച്ചു.അവരും അത് കഴിച്ചില്ല.അവർ മാവിന് കാവൽ ഇരുന്നു. അവർ ചുവന്ന മാമ്പഴം കിടക്ക്ണത് ആസ്വദിച്ചു. കുട്ടികളെ അവർ ഓടിച്ചു.

ഒരു ദിവസം അവർക്കു മനസിലായി മാമ്പഴം രാത്രിയിൽ ആരോ പറിക്കുണ്ടെന്നു.ആളെ കണ്ടുപിടിക്കാൻ അവർ തീരുമാനിച്ചു .ഒരു കുരങ്ങൻ അന്നെന്നു അവർക്കു മനസിലായി . അപ്പൂപ്പനും അമ്മുമ്മയും  എങ്ങനെ കുരങ്ങനെ പിടിക്കണമെന്നു തല പുകഞ്ഞു ആലോചിച്ചു
അമ്മുമ്മ പറഞ്ഞു. അപ്പൂപ്പൻ രാത്രിയിൽ മാവിൽ കയറി ഇരിക്കണം.കുരങ്ങൻ വരുബോൾ മാവു കുലുക്കി കുരങ്ങൻ താഴെ വീഴണം.അപ്പോൾ അമ്മുമ്മ അതിനെ അടിച്ചു ഓടിക്കും അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രി ആയി അപ്പൂപ്പൻ   മരത്തിന്റെ    മുകളിൽ കയറി പുതച്ചിരുന്നു.അമ്മുമ്മ മാവിന്റെ ചുവട്ടിലും. കുറെ നേരം അയ്യിട്ടും കുരങ്ങൻ വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ  ഉറങ്ങി പോയി. ഉറങ്ങി മരത്തിൽ  നിന്നും താഴെ വീണു. അമ്മുമ്മക്ക്  കണ്ണ് കാണാൻ പറ്റില്ലായിരുന്നു.കുരങ്ങാണ് എന്ന് വിചാരിച്ചു അമ്മുമ്മ അടിയോടടി.  അപ്പൂപ്പന് ധാരാളം അടികിട്ടി .വേദന കൊണ്ട് പുളഞ്ഞു അപ്പൂപ്പൻ കരയാൻ തുടങ്ങി. അപ്പോളാണ് അമ്മുമ്മക്ക് മനസിലായത് ഇതുമനുഷ്യന്റെ കരച്ചിൽ ആണെന്ന്  . അമൂമ്മ പുതപ്പ് മാറ്റി നോക്കിയപ്പോൾ അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമൂമ്മക്കും വിഷമം ആയി
അടുത്ത ദിവസം മുതൽ അവർ എല്ലാവർക്കും  മാമ്പഴം കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം ആയി.

ഗുണ പാഠം::നമുക്കുള്ളത് മറ്റുള്ളവരും ആയി പങ്കിട്ടൽ സന്തോഷം ഇരട്ടിയാകും.

ജോസഫ് കെ ബി

*IX A*

# എന്റെ അവധിക്കാലം


എന്റെ ഓർമ്മകളുടെ മണിച്ചെപ്പിൽ ഒരു പിടി നല്ല ഓർമ്മകൾ നൽകി കൊണ്ട് അവധി കാലം കടന്നു പോയി. ഒരു പുൽതൊടിയിൽ വന്നു വീഴുന്ന മഞ്ഞുതുള്ളിയിൽ നിന്നും ആ പുൽനാമ്പിൽ നിന്നും ലഭിക്കുന്ന കുളിർമ്മ പോലെ അതിമനോഹരം അയിരുന്നു എന്റെ അവധി ദിനങ്ങൾ. വീടിനു അടുത്തുള്ള പുഴയിൽ നീന്തി തുടിക്കുന്ന കുഞ്ഞു മീനുകളെ കാണുവാൻ ഞാനും കൂട്ടുകാരും കൂടി രാവിലെ തന്നെ പുഴയരികിൽ എത്തും. അവധി കാലത്തിനു മാറ്റുകൂട്ടികൊണ്ടു പറമ്പിലെ മാവു പപൂക്കാൻ തുടങ്ങി. ആ മാവിൽ ഉള്ള കണ്ണിമാങ്ങകൾ രാത്രിയിൽ ആകാശത്തു നിന്ന് കണ്ണ് ചിമ്മുന്ന ആയിരക്കണക്കിന് നക്ഷത്രം പോലെ ആയിരുന്നു. അത് നല്ലവണ്ണം മൂത്തപ്പോൾ എല്ലാവരും കൂടി എറിഞ്ഞു വീഴത്തി.കഴുകി ഉപ്പിലിട്ടു. ഒരു ഭരണിയിൽ ആക്കി പതിവ് പോലെ തൊട്ടരികിൽ ഉള്ള വാകമരത്തിന്റെ അടുത്തു ഒളിപ്പിച്ചു വച്ചു രണ്ടാഴ്ച കഴിഞ്ഞു അവിടെ ഇരുന്നു എല്ലാവരും കൂടി ആസ്വദിച്ചു. അത് ഓർക്കുമ്പോൾ ഇപ്പോളും വായിൽ വെള്ളം ഊരുന്നു . പുഴക്കു അരികിൽ പോകുന്നതും കളിക്കുന്നതും അപകടം അന്നെന്നു എല്ലാവരും പറഞ്ഞു. അങ്ങനെ ഞങ്ങൾ മാളൂട്ടിയുടെ വീട്ടിൽ ഒരു കിടിലൻ ഊഞ്ഞാൽ കെട്ടി. എന്തൊരു രസം ആയിരുവെന്നോ അതിൽ ആടികളിക്കാൻ .അങ്ങനെ ഒരു ദിവസം ഞാൻ അതിൽ നിന്നും വീണു. പാവം ഞാൻ. എന്റെ കൈ ഒടിഞ്ഞു. അങ്ങനെ ആ കളിയും അവസാനിച്ചു.

പെട്ടെന്നു അവധി കാലം തീർന്നു. അവധി ദിവസങ്ങളിൽ അതിസുന്ദരം ആയ മായാലോകത്തു ആയിരുന്നു. ഞാൻ. ഒന്നിനെ കുറിച്ചുള്ള ആകുലതകളും ഇല്ല കളിയും ചിരിയും മാത്രം. ഇതിനേക്കാൾ മനോഹരമായ ഒരു അവധിക്കാലത്തിന് വേണ്ടി ഞാനും എന്റെ ഓർമകളും തളരാത്ത മനസോടെ കാത്തിരിക്കുന്നു .

ഡോണ മരിയ

*X B*

# കുഞ്ഞിക്കിളി പഠിച്ച പാഠം



വാനമ്പാടി കാട്ടിലെ ഒരു ആൽമരത്തിൽആയിരുന്നു ചിന്നുകിളിയുടെ താമസം. ചിന്നുകിളിക്കു ഒരു ആഗ്രഹം ഉണ്ടായിരുന്നോള്ളൂ . ഒരു കുഞ്ഞു കിളിയെ വേണമെന്നു. ചിന്നുകിളിയുടെ ആഗ്രഹം പോലെ അവൾ മുട്ടയിട്ടു .അതിൽ അടയിരുന്നു.കുറച്ചു ദിവസം കഴിഞ്ഞു മുട്ട വിരിഞ്ഞു കുഞ്ഞുകിളി പുറത്തു വന്നു. ചിന്നു കിളി അവളക്കു വേണ്ട ഭക്ഷണം കൊടുത്തു. പാർക്കാൻ പാകം ആയപ്പോൾ ചിണകിളി അവളോട് പറക്കാൻ പഠിക്കാൻ  പറഞ്ഞു അപ്പോൾ കുഞ്ഞുകളി പിന്നീടാകാം എന്ന് പറയും. അങ്ങനെ ദിവസങ്ങൾ കടന്നു പോയി.
ഒരിക്കൽ ചിന്നു കിളി ഭക്ഷണം ശേഖരിക്കാൻ പുറത്തേക്കു പോയി. കുഞ്ഞുകിളി ഒറ്റയ്ക്ക് കൂട്ടിൽ ഇരിക്കായിരുന്നു. പെട്ടെന്നു ഒരു ശബ്ദം ...... നോക്കിയപ്പോൾ കുഞ്ഞിക്കിളി ഞെട്ടിപ്പോയി .അതാ ഒരു പാമ്പ്  കുഞ്ഞിക്കിളിയുടെ അടുത്തേക്ക്  വേഗത്തിൽ വരുന്നു. എന്ത് വരട്ടെയെന്നു വിചാരിച്ചു കുഞ്ഞു കിളി പറന്നു.പറക്കാൻ അറിയാത്തതു കൊണ്ട് കുഞ്ഞുകിളി നിലത്തു വീണു .ഇത് കണ്ട കുഞ്ഞിക്കിളിയുടെ 'അമ്മ പറന്നു എത്തി .മറ്റുകിളികളും കുഞ്ഞികിളിക്കു ചുറ്റും വലം വച്ചു. ഇത് കണ്ട പാമ്പ് അവിടെ നിന്നും പോയ്യി.  മറ്റുകിളികളും  അവിടെ നിന്നും പറന്നു പോയി .
അപ്പോൾ 'അമ്മ കിളി പറഞ്ഞു  അന്നന്ന്  ചെയ്യണ്ട കാര്യങ്ങൾ അന്നന്ന് തന്നെ ചെയ്യണം. പിന്നെത്തേക്കു മാറ്റി വെച്ചാൽ പല അപകടങ്ങളും ഉണ്ടാകും. ഇതിൽ നിന്നും പാഠം പഠിച്ച കുഞ്ഞിക്കിളി 'അമ്മ പറയുന്നത് അനുസരിച്ചു സുഖംമായി ജീവിച്ചു.



കീർത്തന കെ.സ്.
X A



ഭൂമി ദേവി നമ്മുടെ 'അമ്മ

അമ്മയാകുന്ന നമ്മുടെ ഭൂമി നമ്മുടെ സന്തോഷം ആഗ്രഹിക്കുന്നു.
നാം ജീവിക്കുന്ന ഈ പാർപ്പിടം അചഞ്ചലം എന്ന് ചിലർ വിശേഷിപ്പിച്ചു കൊണ്ട് അതിനെ പരിധിക്കു അപ്പുറം ഉപദ്രവിക്കുന്നു. സഹിക്കാവുന്നത്ര വേദന ഏതു അമ്മയും സഹിക്കും.മക്കളുടെ ശല്യം കാരണം തൻെറ പ്രഭാവവും ഓജസും നഷ്ടപ്പെട്ടുബോള് ഒരു കണ്ണുനീർതുളി വീഴും.ആ കണ്ണുനീർത്തുള്ളി പീന്നിട് പ്രകൃതി ക്ഷോഭങ്ങൾ ആയി മാറും. അതിനെ തടയാൻ മനുഷ്യൻ ഏതു മാർഗം ഉപയോഗിച്ചാലും സാധിക്കില്ല . അതിനെ തടയാൻ ഏതു വഴി എന്ന് നമുക്ക് ഓരോരുത്തർക്കും ചിന്തിക്കാം . പ്രകൃതിയെയും അതിലെ ജീവാജാലങ്ങളെയും നശിപ്പിക്കാതിരിക്കാം.

നാം ഭൂമിയുടെ സംരക്ഷകർ ആകണം. അതിന്റെ സ്വപനങ്ങൾ അറിയണം.ഭൂമിയുടെ ആഗ്രഹം നിറവേറ്റാൻ എല്ലാ മക്കളും ഒത്തു ചേരണം. എത്ര മക്കളുണ്ടെന്നു അറിയണം അമ്മയുടെ കൂടെ ജന്മം നൽകിയ അമ്മയെ മറക്കുന്ന ഇരുട്ട് അടഞ്ഞ ലോകത്തെ ഉണർത്താം. അമ്മയുടെ അനുവാദം ഇല്ലാതെ ഒന്നും ചെയ്യരുതേ അമ്മയെ ഹിംസിക്കുന്നവരിൽ നിന്നും അമ്മയുടെ മഹത്വം അറിയാത്തവരിൽ നിന്നും ഭൂമിയെ നശിപ്പിക്കുന്നവരിൽ നിന്നും ഭൂമിയെ സംരക്ഷിക്കുന്നതു നാം ആണ് എന്ന് ഓർക്കുക . നമുക്ക് അനുഗ്രഹം ആയി ജീവിതത്തിന്റെ എല്ലാ ഘട്ടത്തിലും നമ്മുടെ 'അമ്മ കൂടെ ഉണ്ടാകും.

കേട്ടിട്ടു ഇല്ലേ
ഒരു ചെറിയ മരം
അതിൽ ഒരു വലിയ വനം.
അതാണ് എന്റെ മനം

അതെ ഒറ്റമരം ആകുന്ന ഭൂമി അതിൽ നിറഞ്ഞു നിൽക്കുന്ന മനുഷ്യരും ജീവജാലങ്ങളും. അങ്ങനെ ഭൂമിയെ നശിപ്പിക്കാതെ അതിനെ സംരക്ഷിക്കുന്നതു നമ്മൾ ഓരോരുത്തരെയുംആണ് നാം മനസ്സിൽ സ്വപനം കാണ്ണേണ്ടത് .

ആൽവിൻ ടൈസൺ

IX

A

# ഇറ്റാലിയൻ ചിക്കൻ കറി



ചിക്കൻ
കോൺഫ്ലോർപൊടി
ടൊമാറ്റോ സോസ്
കാപ്സിക്കം
മുട്ട
സവാള
മുളക് പൊടി
മഞ്ഞൾ പൊടി
വേപ്പില
ഉപ്പ്
വെളിച്ചെണ്ണ

പാചകം ചെയുന്ന വിധം

എല്ല് ഇല്ലാത്ത ചിക്കൻ ഉപ്പ് മുട്ട കോൺഫ്ലോർ പൊടി എന്നിവ ചേർത്ത് നന്നായി മിക്സ് ചെയ്തു പതിനഞ്ചു മിനിറ്റ് മാറ്റി വെക്കുക പീന്നിട് ഒരു പാൻ എടുത്തു അതിലേക്കു വെളിച്ചെണ്ണ ഒഴിച്ച് മിക്സ് ചെയ്തു വെച്ച ചിക്കൻ വറുത്തു കോരുക അതെ പാനിൽ സവാള ഉപ്പ് മുളക് പൊടി മഞ്ഞൾ പൊടി ചേർത്ത് നന്നായി ഇളക്കുക ബ്രൗൺ നിറം ആകുബോൾ ക്യാപ്സികം വാട്ടിയതും ടൊമാറ്റോ സോസ് ചേർക്കുക വറുത്തചിക്കണും ഇതിലേക്ക് ഇട്ടു മൂന്ന് മിനിറ്റ് അടച്ചു വെക്കുക

ജോഷ്ന ജോഷി

9 .ബി .

കാറ്റാടി മരം

കാറ്റാടി മരം  ഭയങ്കര അഹങ്കാരി ആയിരുന്നു.കാറ്റടിക്കുമ്പോൾ ഉണ്ടാകുന്ന  ഇലകളുടെ  മർമ്മര ശബ്ദവും കുളിർമയും ജനങ്ങളെ കാറ്റാടിമരത്തിലേക്ക് ആകർഷിച്ചു ഒരിക്കൽ ഒരു സന്യാസി മരത്തിനു അടിയിൽ ഇരിന്നു വിശ്രമിച്ചു . പോകുന്ന സമയത്തു മരത്തിനോട് ചോദിച്ചു ഇത്ര സമയം എന്നിക്കു കുളിർമ്മ നിനക്കു ഞാൻ എന്ത് ഉപകാരമാണ് വേണ്ടത് ? മരം പറഞ്ഞു എനിയ്ക്കു എന്റെ ഇലകൾ സ്വർണം ആക്കാൻ ആണ് ഇഷ്ട്ടം.അപ്പോൾ ആടുകൾ ഇലതിന്നുകയില്ല  സന്യാസി പറഞ്ഞു അങ്ങനെയാവട്ടെ . അടുത്ത ദിവസം രാവിലെ കാറ്റാടിമരത്തിന്റെ ഇലകൾ സ്വർണമായിമാറി. കാറ്റടിമരത്തിനു സന്തോഷമായി എന്നാൽ സന്തോഷം അധികസമയം നീണ്ടു നിന്നുംഇല്ല.  വഴിപോക്കർ സ്വർണമില്ല പറിച്ചു കൊണ്ട് പോയി . കാറ്റാടിമരം ഇലയില്ലാത്ത മരമായി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ മരം ഉണങ്ങി തുടങ്ങി .സന്യാസി തിരികെ വന്നപ്പോൾ മരം സന്യാസിയോട് വിഷമത്തോടെ പറഞ്ഞു .എന്റെ അഹഭാവത്തിനു ശിക്ഷ കിട്ടി ദയവു ചെയ്തു ഇനി എന്നെ പൂർവരൂപത്തിൽ ആക്കണം കരുണ തോന്നിയ സന്യാസി അപ്രകാരം ചെയ്തു . അതിനു ശേഷം കാറ്റാടി മരം സന്തോസത്തോടെ ഏറെ നാൾ ജീവിച്ചു

റോഹൻ ചെറിയാൻ  ഫ്രാൻസിസ്

8.B



കുഞ്ഞുണ്ണി    കവിതകൾ

ഞാനാം പൂവിലെ
ഞാനാം തേനും തേടി നടക്കും
ഞാനാം  വണ്ടിനെ മറ്റ് വിളിച്ചിടുന്ന
വിളക്കായി കത്തുകയാണ് ഞാൻ

മഴ പൊഴിയുന്നത് കാണാൻ ഭംഗി
മനം അലിയുന്നു കാണാൻ ഭംഗി

പുഴപോലെ ഒഴുകും പുഴയും
പുഴുപോലെ ഇഴയും പുഴുവും
ഞാൻ പോലെയല്ലയും ഞാനും
അത്ഭുതം അല്ലെ ലോകം

ആറു മലയാളിക്കു ആറു മലയാളം
അര മലയാളിക്കു ഒരു മലയാളം
ഒരു മലയാളിക്കും മലയാളം ഇല്ല
നോവൽ ഇല്ലെങ്കിൽ നോവൽ ഇല്ല
ഉടുത്ത ഭാഷ ഒന്നിനും കൊള്ളില്ല

അന്ന ലിസ്

VIII A

സ

# സ്നേഹം താൻ ശക്തി

കുട്ടന് എട്ടു വയസ്സ്. ശ്രുതിയ്ക്കുഅഞ്ചു വയസ്സ് കുറെ നാളെത്തേക്കു ഇനി സ്കൂൾ തുറക്കില്ല.അത് കൊണ്ട് കളിക്കുകയാണ് മുറ്റത്തു. വെയിൽ പോയ്തി തുടങ്ങി. അവർ തുള്ളി ചാടി കളിക്കുന്നതിനു ഇടയിൽ ഒരു മൈന വന്നു .ഒരിക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്രയും അടുത്തു വന്നിരിക്കുന്നത് കുട്ടൻ കണ്ടിട്ടില്ല. അവനു തോന്നി പതുക്കെ അടുത്തു ചെന്നാൽ അതിനെ കയ്യിലെടുക്കാമെന്നു. എന്നാൽ മൈന ഒരു സൂത്രകാരനായിരുന്നു . കുട്ടൻ തൊട്ടു തോട്ടിലെ എന്ന് വന്നപ്പോൾ മനുഷ്യൻ ചിരിക്കുന്ന സ്വരത്തിൽ മൈന ഒച്ച ഉണ്ടാക്കി കൊണ്ട് മുറ്റത്തിന്റെ വടക്കേ അരികിലെ മാവിന്റെ കൊമ്പത്തു പറന്നു ഇരിന്നു .അതുകണ്ടു ദേഷ്യത്തോടെ കുട്ടൻ വീട്ടിലോട്ടു ഓടി കയറി . മടങ്ങി വന്നത് ഒരു തെറ്റാലി അയ്യിട്ടാണ്. അതിലൊരു ചെറിയ കല്ല് എടുത്തു വെച്ച് മൈനയുടെ നേർക്കു ലാക് നോക്കുന്നത് കണ്ടു ശ്രുതി പറഞ്ഞു. ചേട്ടാ പാവം മൈന! ഇതിനാണ് ഇതിനെ കൊല്ലുന്നതു? ശ്രുതി പറഞ്ഞതിന്റെ അർഥം നല്ലതു പോലെ മനസ്സിൽ അയ്യിട്ടതു പോലെ മൈന ഒരു പട്ടു പാടി .പാട്ടിന്റെ മാധുരം അസാധാരണം ആയ്യിരുന്നു .അതിനെ അനുബദ്ധം പോലെ ശ്രുതി പറഞ്ഞു "ഒരു പീഡയും എറുമ്പിനും വരുത്തരുത് "എന്ന് അല്ലെ 'അമ്മ നമ്മോടു പറഞ്ഞത് ഉറുബ് കടിക്കും കേൾക്കു മൈനയുടെ പാട്ട്.എനിക്ക് അതിനു ഒരു ഉമ്മ കൊടുക്കാൻ തോന്നുന്നു .എന്തോ അബ്ദം ചെയ്യുവാൻ തുടങ്ങിയനെപോലെ കുട്ടൻ അവന്റെ കൈയിൽ ഇരുന്ന തെറ്റാലിയും കല്ലും തറയിൽ ഇട്ടു പിന്നെ നടന്നതുവലിയ അത്ഭുതം ആണ്.മധുരമായി പാടിക്കൊണ്ട് മൈന മാവിന്റെ കൊമ്പിൽ ഇരിക്കുബോൾഅതിൽ പഴുത്തുംമുരടിച്ചും നിന്ന ഇലകൾ പൊഴിഞ്ഞു വീണു.

അതിനു പകരം പാട്ട് പോലെ മൃദുവായ തളിരിലകൾ ആ കൊമ്പിലെ നിറഞ്ഞു .മൈന ഓരോ കൊമ്പിലും മാറി മാറി ഇരിന്നു . വൃദ്ധയെ പോലെ മുരടിച്ച നിന്ന മാവു ഏതാനും മിനുട്ടുകൾക്ക്ഉള്ളിൽനിറയെ മാവില്ല കൊണ്ട് നിറഞ്ഞു .എന്ന് മാത്രം അല്ല കൊമ്പിന്റെ അറ്റത്തെല്ലാം പൂക്കുലകളും കാണാറായി. ശ്രുതി പറഞ്ഞു ചേട്ടാ ഇത് വെറും ഒരു മൈന അല്ല .. നോക്കു ക്രിസ്റ്റാനയുടെയും റഫാന്റെയും മുറ്റത്തു ധാരാളം പഴ ചെടികളും പൂച്ചെടികളും ഉണ്ട്. നമ്മക്ക് ആകെ ഉള്ളത് ഒരു മാവാണ്.ഈമൈന വന്നു പട്ടു പാടി നമ്മുടെ മരത്തെ പുതിയത് ആക്കിയിരിക്കുന്നു. നമ്മുക്കും ഇങ്ങനെ പാടാൻ കഴഞ്ഞിയിരുന്നുവെങ്കിൽ ! അവൾ അത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ മൈന മനുഷ്യ ശബ്ദത്തിൽ ഒരു പാട്ടും കൂടി പാടി .

സ്നേഹത്തിൽ നിന്നും ഉദിക്കുന്നു ലോകം  
സ്നേഹത്താൽ വൃദ്ധിതേടുന്നു  
സ്നേഹം താൻ ശക്തി ജഗത്തിൽ -സ്വയം  
സ്നേഹംതനാനന്ദമാർക്കും  
സ്നേഹം താൻ ജീവിതം ശ്രീമാൻ സ്നേഹ  
വാഹതി തന്നെ മരണം!!

മൈന വീണ്ടും വീട്ടും ഇങ്ങനെ പാടുന്നത് കേട്ടപ്പോൾ കുട്ടികൾക്ക് അത് പഠിക്കാൻ കഴിഞ്ഞു .

പിന്നെ മുറ്റത്തും പറമ്പിലും അവർ എവിടെ നിന്നും എല്ലാം പാടിയോഅവിടെ നിന്നും എല്ലാം ഒരു മായാ പോലെ നല്ല ശോഭയും മണവും തേനും ഉള്ള പൂക്കൾ ഉള്ള ചെടികൾ ഉണ്ടായി.ആ നാട് തന്നെ പാട്ട്കേട്ട് കുളിർത്ത് പോലെ വസന്തത്തിൽ എന്ന പോലെ അതീവ സുന്ദരിയായി.

ഇത്തിരികാര്യം നിത്യചൈതന്യയതി

# രണ്ടു സമ്മാനങ്ങൾ



മാധവനും കേശവനും ഉറ്റ സുഹൃത്തുക്കൾ ആയിരുന്നു.അവർ ജോലി അനേഷിച്ചു കുറെ അലഞ്ഞു രാത്രി ആയപ്പോൾ അവർ ഒരു വനത്തിൽ എത്തി ചേർന്നു .വിശപ്പും ദാഹവും കൊണ്ട് തളർന്ന ഇരുവരും അവിടെ ഒരു മരച്ചുവട്ടിൽ വിശ്രമിക്കാൻ തീരുമാനിച്ചു അപ്പോൾ അത് വഴി ഒരു സന്യാസി വന്നു. സന്യാസിയെ നമിച്ചു കൊണ്ട് അവർ അവരുടെ ദുഃഖങ്ങൾ പറഞ്ഞു. എല്ലാം കെട്ടുകഴിഞ്ഞപ്പോൾ സന്യാസി പറഞ്ഞു. നിങ്ങൾ വിഷമിക്കേണ്ട ഞാൻ സഹായിക്കാം.എന്റെ കൈയിൽ രണ്ടു സമ്മാനങ്ങൾ ഉണ്ട് .അതിൽ ഓരോന്നു ഞാൻ നിങ്ങൾക്കു തരാം .എന്ത് സമ്മാനമാണ് സന്യാസി തരുന്നത് എന്നറിയാതെ മിഴിച്ചു നിന്ന കൂട്ടുകാരോട് സന്യാസി പറഞ്ഞു

ഇത് ഒരു പഴമാണ് ഇത് വായിൽ ഇട്ടാൽ സ്വർണക്കട്ട ആയിത്തീരും . ഈ കുപ്പിയിൽ നിറയെ വെള്ളമാണ് .ഈ വെള്ളം അല്പം ഒന്നു കുടിച്ചാൽ മതി ഏത് രോഗിയുടെയും അസുഖം ഞൊടി ഇടയിൽ മാറും .ഈ രണ്ടു സമ്മാനങ്ങൾ അന്ന് ഞാൻ നിങ്ങൾക്ക് തരുന്നത് ഇതിൽ ഏത് സമ്മാനമാണ് വേണ്ടത് എന്ന് തീരുമാനിക്കുക
മാധവൻ അല്പം ദൂരാഗ്രഹി ആണ് അയാൾ വിചാരിച്ചു മറ്റുളവരുടെ രോഗം മാറ്റി കൊടുത്താൽ തനിക്കു എന്ത് നേടാൻ ? സ്വർണക്കട്ട ലഭിച്ചാൽ അത് വിട്ടു കിട്ടുന്ന പണം കൊണ്ട് സുഖമായി ജീവിക്കാം .അത് കൊണ്ട് അയാൾ പറഞ്ഞു .എന്നിക്കു പഴം മതി.
മാധവന് ആ പഴവും കേശവന് കുപ്പിയിലെ വെള്ളവും കൊടുത്തു അവിടെ നിന്നും പോയി .മാധവൻ പഴം വായയിൽ ഇട്ടു. അത് സ്വർണക്കട്ടആയി
ഇരുവരും തങ്ങൾക്കു ലഭിച്ച സമ്മാനങ്ങളും ആയി വീട്ടിലോട്ടു പോയി. നഗരത്തിൽ എത്തിയപ്പോൾ മാധവൻ കേസാവോണ്ട് യാത്ര പറഞ്ഞു .സ്വർണം വിറ്റു കിട്ടുന്ന പണത്തിൽ നിന്നും കേശവന് വലതും കൊടുക്കേണ്ടി വന്നാലോ എന്ന ചിന്ത ആയ്യിരുന്നു ആ യാത്രക്ക് കാരണം.

കൂട്ടുകാർ ഇരുവരും രണ്ടു വഴിക്കു പിരിഞ്ഞു. കാലങ്ങൾ കടന്നു പോയ്യി. കേശവൻ ധാരാളം രോഗികളെ സുഖപ്പെടുത്തി.അയാൾ അവരിൽ നിന്നും ലഭിച്ച പണം കൊണ്ട് സമ്പന്നൻ ആയി. എന്നാൽ മാധവൻ സ്വർണം വിട്ടു കിട്ടിയ ധൂർത്തു അടിച്ചു കേവലം ഒരു ദരിദ്രൻ ആയി

ഇൻഡലിബിൾ ഫേസ്



**തത്തമ്മ**

**പച്ചയാം മരത്തിൽ തത്തി തത്തി**
**വിത്തുകളാകും നെല്ലിൽ**
**കൊത്തിക്കൊത്തി**
**നിന്റെ പവിഴ ചുണ്ടുകൾ ചുവന്നല്ലോ**
**നിന്റെ മേനി ഭൂമിയാം ദേവി**
**കനിഞ്ഞു അനുഗ്രഹിച്ച പച്ചയാം**
**വിരിപ്പട്ട**
**പാടങ്ങൾ പോലെ പച്ചയായി**
**മാറിയല്ലോ**
**നിന്റെ ചിറകുകൾ വീശി ആകാശ**
**തേരിൽ**
**പാറി പറക്കുമ്പോൾ മേഘങ്ങൾ**
**എല്ലാം**
**കുളിരു കോരുന്നല്ലോ**



**ആകാശ് ഓ ടി**
**IX A**



കൃഷിക്കാരന്റെ പേടി

ഒരിടത്തു ഒരു പാവപ്പെട്ട ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു .വയലിൽ കൃഷി ചെയ്താണ് അയാൾ ജീവിച്ചു ഇരുന്നത്. ഏറെ കഷ്ട്ടപെട്ടു കൃഷി ചെയ്തിട്ടും അയാളക്കുശരിക്കും വിശപ്പു മാറ്റാൻ ഉള്ള ആഹാരം പോലും കിട്ടിയിരുന്നില്ല .

അങ്ങനെയിരിക്കെ എവിടെ നിന്നോ ഒരു നായ ആ ഗ്രാമത്തിൽ എത്തി .നായയെന്നു കേട്ടാൽ പോലും പേടിക്കുന്നവനയായിരുന്നു ആ കൃഷിക്കാരൻ. ആ നായയെ കണ്ടാൽ ഉടൻ തന്നെഅയാൾ പേടിച്ചു ഓടാൻ തുടങ്ങും. ഇത് കാണുമ്പോൾ അയാളുടെ ഭാര്യയ്ക്ക് ചിരി വരും. നിങ്ങൾ എന്തിനാണ് ഇങ്ങനെ ഓടുന്നത്. ആ നായ ഒരു പാവമാണ്. വെറുതെ എന്തിനാണ് അതിനെ പേടിക്കുന്നത് എന്നാൽ എത്ര പറഞ്ഞിട്ടും അയാളുടെ പേടി മാറിയില്ല. ഒരു ദിവസം കൃഷിക്കാരൻ വയലിൽ നിന്നും വരുമ്പോൾ തൊട്ടു മുന്നിൽ ഇതാ നായ!!

അയ്യോ! അയാൾ പേടിച്ചു ഓടാൻ തുടങ്ങി. ഇത് കണ്ടു നായയും അയാളുടെ പുറകെ ഓടി .ഒടുവിൽ അയാൾ കാട്ടിലെ ഒരു വലിയ മരത്തിൽ കയറി ഇരിന്നു .അപ്പോഴേക്കും നേരം ഇരുട്ടയായി .രാത്രിയിൽ തിരിച്ചു പോകുന്നതുന്നത് അപകടം ആയ്യിരിക്കുമെന്നു അയാൾക്കു തോന്നി .അതുകൊണ്ടു അയാൾ മരത്തിനു മുകളിൽ താനേയിരുന്നു.കുറെ കഴഞ്ഞപോലെ ആരോ വരുന്ന ശബദം കേട്ടു.അയ്യാൾക്കു പേടിയായി .അയാൾ ശ്വാസം അടക്കി നോക്കി ഇരിന്നു .അപ്പോൾ ഒരു മൊട്ടത്തലയൻ കുതിരപ്പുറത്തു അവിടെ എത്തി. തോളത്തെ ഭാണ്ഡവുമായി അയാൾ കൃഷിക്കാരൻ ഇരിക്കുന്ന മരത്തിൽ കയറാൻ തുടങ്ങി. ഈ സമയം അയാളുടെ കണ്ണിൽ പെടാതെ മരച്ചില്ലകൾക്കു ഇടയിൽ ഒളിച്ചിരുന്നു അൽപ്പം കഴിഞ്ഞു മൊട്ടത്തലയൻ താഴെയിറങ്ങി കുതിരപ്പുറത്തു കയറി പോയ്യി നേരം വെളുത്തപ്പോൾ കൃഷിക്കാരൻ പതുകെ മരത്തിൽ നിന്നും ഇറങ്ങി അപ്പോൾ ഓരോ ഭാണ്ഡം മരക്കൊമ്പിൽ ഇരിക്കുന്നു ഉടൻ അയാൾ അത് എടുത്തു നോക്കി . അയാളുടെ കണ്ണുകൾ തിളങ്ങി ഭാണ്ഡം നിറയെ സ്വർണനാണയങ്ങൾ . അപോളാണ് തലേന്ന് രാത്രിയിലെ സംഭവം കൃഷിക്കാരൻ ഓർത്തത് .കള്ളൻ കൊണ്ടുവന്നത് ആയ്യിരുന്നു അതെല്ലാം. കൃഷിക്കാരൻ സ്വർണമൊക്കെ ഇടതു വേഗം വീട്ടിലോട്ടു പോയ്യി വീട്ടിൽ എത്തിയ കൃഷിക്കാരൻ നടന്നത് എല്ലാം ഭാര്യയെ അറിയിച്ചു. അപ്പോഴേക്കും അവർക്കു സന്തോഷമായി .പിറ്റേന്ന് നായയെ കണ്ടു ഓടാൻ തുടങ്ങിയപ്പോൾ ഭാര്യ പറഞ്ഞു. അത് പാവം അല്ലെ! ആ നായ കാരണം അല്ലെ നമ്മൾ പണക്കാരായത് കിഷികരാണ് മനസിലായി പീന്നിട് അവർ സുഖമായി ജീവിച്ചു

അലീന

ഷാജു

X.B